it. But if there is opposition, then these things must be considered. We shall take the sense of the Council.

The question before the House is that the consideration of the Cochin Thiyya Bill be postphoned.

Question put and negatived.

President.—If you have got anything to say with regard to this Bill, you may say that.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇതിന്റെ ഒബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും എനിക്കിപ്പോൾ പറയുവാനില്ല. വേറെ ഒരു സംഗതിയുള്ളതു ചീഫ് കോട്ട് ഡിസിഷൻ വന്നതിനുശേഷം മക്കത്തായത്തിനു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടോ എന്നതാണ്. അവരെ കൂടി ബില്ലിൽ ഉൾപ്പെടുത്താൻ വേണ്ട കാരണങ്ങൾ സിലക്ട് കമ്മിറ്റി സ്റ്റേജിൽ ചെയ്യാവുന്നതാണ്.

President.—The question before the House is that the Cochin Thiyya Bill moved by Mr. K. Ayyappan be read in Council.

Question put and agreed to.

Secretary to the Council.—The title of the Bill is "The Cochin Thiyya Bill."

Mr. K. Ayyappan.—Sir, I beg to move that the Bill be referred to a Select Committee consisting of Messrs. M. K. Raman, V. D. Ouseph, K. P. Kannan Nayar, C. J. Mathew, K. Mohamed Seethi, A. B. Salem, P. C. Chanchan and the Lady Member.

Mr. Thomas Manjuran.—I second this motion.

President.—The question before the House is that the Cochin Thiyya Bill be referred to a Select Committee consisting of the following Members:—Messrs. M. K. Raman, V. D. Ouseph, K. P. Kannan Nayar, C. J. Mathew, K. Mohamed Seethi, A. B. Salem and P. C. Chanchan, Mrs. G. Pavitran, Mr. K. Ayyappan and the Law Member.

Question put and agreed to.

President.—I nominate the Law Member as Chairman of the Committee.

Mr. K. Ayyappan.—I move that the report of the Select Committe be submitted in six months.

Mr. A. B. Salem.—I second it.

Question put and agreed to.

Resolutions on Matters of General Public Interest.

1. Local Option Bill.

President.—We shall now begin resolutions. The first

LIBRARY ARCHIVES Kerala Legislative Assembly

resolution stands in the name of Mr. K. T. Mathew.

The Member being absent, the following resolution was considered withdrawn:—

Mr. K. T. Mathew.—"This Council requests the Government to introduce in the Legislative Council a Local Option Bill."

2. Singing of obscene songs.

President.—The second resolution stands in the name of Mr. A. K. Kunhi Moideen.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.— "കൊച്ചിസംസ്ഥാനത്തെ പബ്ലിക്കുറോഡുകളിൽ യാതൊരു കാരണവശാലും ആഭാസകരങ്ങളായ പാട്ടുകൾ പാടരുതെന്നു ഉത്ഭോധിതമായ ഒരുത്തരവു ഉടനെ പുറപ്പെടുവിക്കണമെന്നു ഈ കൌൺസിൽ ഗവമ്മെണ്ടിനോടു ശുപാർശ ചെയ്യുന്നു" ഇതാണു എന്റെ പ്രമേയം.

സർ, ഗവമ്മെണ്ടുകൾ പബ്ലിക്കുറോഡുകൾ ഉണ്ടാക്കിയിട്ടുള്ളതിന്റെ പരമോദ്ദേശം പൊതുജനങ്ങൾക്കു സുഖമായും സൈരമായും ഗതാഗതം ചെയ്യുന്നതിനാണല്ലൊ. പൊതുഭണ്ഡാഗാരത്തിൽ നിന്നു വമ്പിച്ച തുകകൾ ചിലവുചെയ്തു പൊതുജനസൌകര്യാർത്ഥം ഉണ്ടാക്കിയിട്ടുള്ള നിരത്തുകളിൽകൂടി അവർക്കു സൈരമായും മാനമായും സഞ്ചരിക്കാൻ തരമില്ലാത്ത ഒരവസ്ഥ വന്നുകൂടുകയാണെങ്കിൽ ഇതിൽപരം കഷ്ടം മറെറന്താണുള്ളതു! ഈ പ്രതിബന്ധത്തിനുള്ള കാരണങ്ങൾ എന്തുതന്നെയായിരുന്നാലും ഈദൃശകാര്യങ്ങളിൽ പ്രവേശിച്ചു പൊതുജനസൌകര്യത്തെ മുൻനിറുത്തി വേണ്ടതു പ്രവർത്തിക്കാതെ മൌനം ദീക്ഷിക്കുന്ന ഗവമ്മെണ്ടിനെ ഒരു യഥാർത്ഥ ഗവമ്മേണ്ടായി വിചാരിക്കുവാൻ നിവൃത്തിയില്ലാ. എന്നെ ഈ പ്രമേയം അവതരിപ്പിക്കുവാൻ പ്രേരിപ്പിച്ച സംഗതി കൊല്ലംതോറും മീനമാസത്തിൽ കൊടുങ്ങല്ലൂരിലെ പബ്ലിക്കു നിരത്തുകളിൽ നടക്കുന്ന ലജ്ജാവഹവും ഭത്സനീയവുമായ ചില പേക്കൂത്തുകളും വിക്രിയകളുമാണു്. ഭരണിക്കാലത്തു ഒന്നരണ്ടാഴ്ചവട്ടം അവിടത്തെ പൊതുനിരത്തുകളിൽകൂടി മാനവും മര്യാദയുമുള്ള സ്ത്രീപുരുഷന്മാർക്കു് ഗതാഗതംചെയ്യുവാൻ യാതൊരു നിവൃത്തിയുമില്ല. ആഭാസന്മാരും പോക്കിരികളുമായ ഒരു വമ്പിച്ച കൂട്ടം മദ്യപാനികൾ മൂക്കറ്റം കുടിച്ചു പബ്ലിക്കുറോഡുകളിൽ ചെറിയ സംഘങ്ങളായി നിന്നും നടന്നും പാടുന്ന പാട്ടുകളും പറയുന്ന ചീത്തകളും വർണ്ണിക്കുവാൻ പ്രയാസം. അവർ കണ്ടെത്തുന്ന ഏതു സ്ത്രീയുടേയും പുരുഷന്റേയും അഭിമുഖമായി നിന്നു അവരോടായിട്ടു പറയുന്ന തെറിവാക്കുകൾക്കു കയ്യുംകണക്കുമില്ല. മാർഗ്ഗതടസ്ഥംചെയ്തു പിടിച്ചുനിർത്തി കോഴിത്തുവലുകൾകൊണ്ടും മറവും അഭിഷേകംചെയ്ത ചില മാന്യന്മാരെ ആശീർവ്വദിച്ചു വിടുന്ന ആ ഭാരുണമായ കാഴ്ച നാണവും മാനവുമില്ലാത്ത ഒരു ദുരാചാരതല്പരനെപ്പോലും ലജ്ജിപ്പിക്കാതിരിക്കയില്ല. സ്ത്രീപുരുഷവ്യത്യാസം

LIBRARY ARCHIVES Kerala Legislative Assembly